LIBRARY ARCHIVES Kerala Legislative Assembly

## ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ

28 (*178) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്തിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്തിരുന്നു.

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാകേന്ദ്രം സ്ഥാപിച്ച് ചികിത്സാ സൗകര്യം വ്യാപിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

## നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം

29 (*179) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 കേരള നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ഏത് തീയതിയിലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പെരുമാറ്റചട്ടം നിലവിൽവന്നശേഷം എടുത്ത മന്ത്രിസഭാ തീരുമാനങ്ങളിൽ ഏതെല്ലാമാണ് പ്രസ്തുത ചട്ടത്തിന് വിരുദ്ധമായവയെന്ന് മന്ത്രിസഭായോഗ തീയതി ഉൾപ്പെടെ വിശദമാക്കുമോ;

(സി) പ്രസ്തുത കാര്യങ്ങൾ പുതിയ സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമായിട്ടില്ലെങ്കിൽ, പെരുമാറ്റച്ചട്ട ലംഘനം നടത്തിയതായ തീരുമാനങ്ങൾ ഏതൊക്കെ എന്ന് വിശദമായി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ എന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തെന്നും വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച 4-3-2016 മുതൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നു.

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന കാലയളവിൽ, പെരുമാറ്റച്ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതിയോടു കൂടിയാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുൻസർക്കാരിന്റെ അവസാന കാലഘട്ടത്തിൽ (2016 ജനവരി 1-നു ശേഷം) എടുത്ത മന്ത്രിസഭാ യോഗ തീരുമാനങ്ങൾ അതത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളവ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 25-5-2016-ൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഉപസമിതി ഇപ്രകാരമുള്ള മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പരിശോധിച്ചുവരികയാണ്.

**മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെടാനിടയായ സാഹചര്യം**

30 (*180) ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെടാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) അടിസ്ഥാന പശ്ചാത്തല സൗകര്യവും അദ്ധ്യയന സൗകര്യവുമില്ലാത്ത കോളേജുകൾക്ക് അനുമതി നൽകിയ നടപടി ഈ സ്ഥിതിക്ക് കാരണമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് ആരോഗ്യ സർവ്വകലാശാലയുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്നും ഇടപെടൽ സാധ്യമല്ലെന്നിരിക്കെ അഫിലിയേഷൻ നഷ്ടപ്പെട്ട കോളേജുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനം തടയാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly